# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 622      28.09.16 -ൽ മറുപടിക്ക്

## തീരസംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>" എൻ.എ.നെല്ലിക്കുന്ന്<br>" മഞ്ഞളാംകുഴി അലി<br>" കെ.എം.ഷാജി | മാത്യു ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) തീരസംരക്ഷണത്തിന് കടലിൽ കല്ലിടുന്ന പദ്ധതി അവസാനിപ്പിക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ; | (എ) കടലിൽ കല്ലിടുന്നത് കടൽക്ഷോഭത്തിന് ശാശ്വത പരിഹാരമല്ല. തീരസംരക്ഷണത്തിന്റെ ഭാഗമായി നിർമ്മിച്ചുവരുന്ന കടൽഭിത്തിയുടെ നിർമ്മാണം അവസാനിപ്പിക്കുന്നതിന് തീരുമാനമെടുത്തിട്ടില്ല. |
| (ബി) തീരസംരക്ഷണത്തിനായി മുൻകാലത്ത് നടപ്പാക്കിയ തീരവനം പദ്ധതി വിജയമായിരുന്നോ; എങ്കിൽ എവിടെയൊക്കെ വിജയപ്രദമായി എന്നു വിശദമാക്കുമോ; | (ബി) തീരസംരക്ഷണത്തിനായി തീരവനം പദ്ധതി വനംവകുപ്പാണ് നടപ്പിലാക്കിയത്. |
| (സി) തീരസംരക്ഷണത്തിന് കണ്ടൽ വച്ചു പിടിപ്പിക്കുന്നതു സംബന്ധിച്ച് നിയമസഭാ പരിസ്ഥിതി സമിതി സർക്കാരിന് ശിപാർശ നല്കിയിരുന്നോ; അതു സംബന്ധമായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ടിനെത്തുടർന്ന് കണ്ടൽ വച്ചുപിടിപ്പിക്കുവാൻ സാധിക്കുന്ന ഇടങ്ങളിൽ ഇവ വച്ചുപിടിപ്പിക്കണമെന്ന് കാട്ടി (12/12/2014-ലെ സ.ഉ.(പി)നം. 16/14/ പരിസ്ഥിതി) സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ, കേരളത്തിന്റെ തീരപ്രദേശത്തിൽ ഭൂരിഭാഗം പ്രദേശവും മണൽ നിറഞ്ഞതായതിനാൽ കണ്ടൽ വളരുന്നതിന് അനുയോജ്യമല്ല എന്നവിലയിരുത്തൽ ഉള്ളതിനാൽ പ്രസ്തുത ഭാഗങ്ങളിൽ പരീക്ഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ